(ഡി) ഉണ്ടെങ്കിൽ എന്തെന്ന് വ്യക്തമാക്കാമോ?

വിദ്യാഭ്യാസവകുപ്പുമന്ത്രി ((ശ്രീ. സി. എച്ച്. മുഹമ്മദ്കോയ) :

(എ) ഇല്ല.

(ബി) ഇതിനുള്ള നടപടി ഫിഷറീസ് ഡിപ്പാർട്ടുമെന്റും കേരള മത്സ്യത്തൊഴിലാളിക്ഷേമ കോർപ്പറേഷനും സംയുക്തമായി എടുത്തു വരുന്നു.

(സി ആൻറ് ഡി) ഇപ്പോഴം അങ്ങനെയൊരു പദ്ധതി ഗവൺമെൻറിന് ഇല്ല. പക്ഷേ, ഇപ്രകാരമുള്ള മത്സ്യത്തൊഴിലാളികൾക്ക് ചെറിയ ഉപതൊഴിലുകൾ തുടങ്ങാൻ മത്സ്യതൊഴിലാളി ക്ഷേമ കോർപ്പറേഷൻ മുഖേന ധനസഹായം നൽകാൻ പരിപാടിയുണ്ട്.

നേഴ്സുമാരുടെ യൂണിഫോറം

*249 [264] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) നേഴ്സുമാരുടെ യൂണിഫോറത്തിൽ മാറ്റം വരുത്തുന്നതിനു ഗവൺമെൻറു തീരുമാനം എടുത്തുവോ;

(ബി) എടുത്തുവെങ്കിൽ ഏതെല്ലാം വിധത്തിലാണ് യൂണിഫോറത്തിൻെറ മാറ്റങ്ങൾ;

(സി) ഈ മാറ്റം എല്ലാവിഭാഗം നേഴ്സുമാർക്കും തൃപ്തികരമായില്ല എന്നുള്ള അവരുടെ സംഘടനാ ഭാരവാഹികളുടെ പ്രസ്താവന ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) എല്ലാവർക്കും തൃപ്തികരമായ ഒരു സംവിധാനം നടപ്പാക്കാൻ എന്തുനടപടികളാണ് ഗവൺമെൻറ് എടുക്കുവാൻ പോകുന്നത് ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ) :

(എ) തീരുമാനമെടുത്തിട്ടുണ്ട്.

(ബി) വെള്ള സാരിയും വെള്ള ബ്ലൗസും, വെള്ള ഓവർ കോട്ടുമാണ് പുതിയ യൂണിഫോറം.

(സി ആൻറ് ഡി) വെള്ള സാരിയും വെള്ള ബ്ലൗസുമാണ് ആദ്യം മാറ്റം അനുവദിച്ചത്. എന്നാൽ ഓവർകോട്ടുകൂടി അനുവദിക്കാത്തതിലായിരുന്നു നേഴ്സ് സംഘടനകളുടെ അതൃപ്തി. അതു കൂടി പരിഗണിച്ചാണ് ഓവർകോട്ടുകൂടി അനുവദിച്ചുകൊണ്ട് 17.2.1979-ൽ വീണ്ടും ഉത്തരവു നൽകിയത്.

രാസവളങ്ങളുടെയും കീടനാശിനികളുടെയും വില വർദ്ധനവ്

*250 [265] ശ്രീ. വട്ടിയൂർക്കാവ് രവി:
,, എസ്. തങ്കപ്പൻചിള്ള:
,, ആർ. സുന്ദരേശൻനായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാസവളങ്ങൾക്കും കീടനാശിനികൾക്കും ക്രമാതീതമായി വിലവർദ്ധിച്ചിരിക്കുകയാണ് എന്നുള്ള വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വാഴയ്ക്കുണ്ടാകുന്ന രോഗത്തിന്റെ പ്രതിവിധിയായി ഉപയോഗിക്കുന്ന സോർവറെക്സ്, തിമറ് എന്നീ കീടനാശിനികൾ മാർക്കറ്റിൽ കിട്ടാനില്ലാത്തതുകൊണ്ട് കർഷകർ വിഷമിക്കുന്നു എന്നുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) കീടനാശിനിയും രാസവളവും സബ്സിഡി റേറ്റിൽ കർഷകർക്ക് സുലഭമായി നൽകാൻ നടപടി സ്വീകരിക്കുമോ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്) :

(എ) ഏതാനും ചില കീടനാശിനികളുടെ വില വർദ്ധിച്ചിട്ടുള്ള വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ചില കീടനാശിനികളുടെ വില കുറഞ്ഞിട്ടും ഉണ്ട്. രാസവളങ്ങളുടെ വില കുറയുകയാണുണ്ടായിട്ടുള്ളത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) രാസവളവും കീടനാശിനിയും സബ്സിഡി നിരക്കിൽ നൽകാനുള്ള പരിപാടി ഇപ്പോഴില്ല.

വൃക്ഷവിള വികസന പദ്ധതി

*251 [266] ശ്രീ. കല്ലട നാരായണൻ:

,, ത്യാഗരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തെങ്ങുകൃഷി വികസിപ്പിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുള്ള വൃക്ഷവിള വികസന പദ്ധതി അനുസരിച്ച് ഏതെല്ലാം ജില്ലകളിൽ ഇതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്) :

(എ) തിരുവനന്തപുരം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ.

(ബി) പദ്ധതിയുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

കേരള കാർഷിക വികസന പദ്ധതി

ലോകബാങ്കിന്റെ സഹായത്തോടെ 1977-78 മുതൽ ഏഴുവർഷങ്ങളിലായി നടപ്പിലാക്കേണ്ട പദ്ധതിയാണ് 'കേരള കാർഷിക വികസന പദ്ധതി'. 63 കോടി രൂപ അടങ്കലായിട്ടുള്ള ഈ പദ്ധതിക്ക് ലോകബാങ്കിൽനിന്നും ലഭിക്കുന്ന വായ്പാ സഹായം 27 കോടി രൂപയാണ്. ബാക്കി തുക കേന്ദ്രഗവൺമെന്റ് അഗ്രിക്കൾച്ചറൽ റീഫൈനാൻസ് ആൻഡ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ ബാങ്കുകൾ, തുടങ്ങിയ ഏജൻസികളിൽനിന്നും സമാഹരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly